(സി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഏതെല്ലാം പൊതുമരാമത്ത് പണികൾക്കാണ് ഭരണാനുമതി നൽകിയിരുന്നത് ; പ്രസ്തുത പണികൾ പൂർത്തിയായിട്ടുണ്ടോ ;

(ഡി) മണ്ഡലത്തിലെ തകർന്നടിഞ്ഞ റോഡുകൾ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) തകർന്ന റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തിരൂരങ്ങാടി മണ്ഡലത്തിലെ മരാമത്ത് പണികൾ

209 (659) ശ്രീ. കെ. കുട്ടി അഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും തിരൂരങ്ങാടിമണ്ഡലത്തിൽ ഏതെല്ലാം മരാമത്തുപണികൾക്കാണ് ഭരണാനുമതി നൽകിയതെന്നും അതിനായി എന്തുതുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ ;

(സി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഏതെല്ലാം പൊതുമരാമത്ത് പണികൾക്കാണ് ഭരണാനുമതി നൽകിയിരുന്നത് ; പ്രസ്തുത പണികൾ പൂർത്തിയായിട്ടുണ്ടോ ;

(ഡി) മണ്ഡലത്തിലെ തകർന്നടിഞ്ഞ റോഡുകൾ അടിയന്തരമായി റിപ്പയർ ചെയ്യുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) തകർന്ന റോഡുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മരാമത്ത് പണികൾ

210 (660) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്നും ആയതിലേക്ക് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ ;

(ബി) ഓരോ പ്രവൃത്തിയുടെയും ഇനം തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആലത്തൂർ അസംബ്ലി മണ്ഡലപരിധിയിൽ മരാമത്ത് വകുപ്പ് ചെലവഴിച്ചതുക

211 (661) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ അസംബ്ലി നിയോജകമണ്ഡല പരിധിയിൽ പൊതുമരാമത്ത് വകുപ്പ് പുതിയ കെട്ടിട നിർമ്മാണത്തിനും പഴയ കെട്ടിടങ്ങളുടെ നവീകരണത്തിനുമായി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ ഇനം തിരിച്ച കണക്ക് ലഭ്യമാക്കുമോ ;

(ബി) പുതിയ കെട്ടിടങ്ങൾ, പഴയ കെട്ടിടങ്ങൾ എന്നിവ തിരിച്ചുള്ള വിശദമായ കണക്ക് നൽകാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ അസംബ്ലി നിയോജകമണ്ഡല പരിധിയിൽ പൊതുമരാമത്ത് വകുപ്പ് പുതിയ കെട്ടിട നിർമ്മാണത്തിനും പഴയകെട്ടിടങ്ങളുടെ നവീകരണത്തിനുമായി മൊത്തം 198.40 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

റോഡുകൾക്കായി ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ

212 (662) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർക്കുന്നതിന് സംസ്ഥാന, ജില്ലാതലങ്ങളിൽ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ എന്നാണ് രൂപീകരിച്ചത് ;

(ബി) ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികളുടെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly